Mr. P. A. Muhamed Ashrof *(Crangannur)*: For how many seats, Sir?

Mr. P. Govinda Menon *(Minister for Food and Education)*: We offered a lump sum of Rs. 10,000 to the University and requested that some seats may be reserved, but there was no favourable response.

മിസ്സിസ് കെ. എം. ആർ. മേനോൻ: ഇനി പുതിയ അഡ്മിഷൻ ഉണ്ടെങ്കിൽ അതിൽ സ്ത്രീകളെതന്നെ അയക്കുവാൻ തീച്ചയാക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു തികച്ചുപറയുവാൻ നിവൃത്തിയില്ല. കഴിയുന്നതും സ്ത്രീകളുടെ അവകാശത്തെ അവഗണിക്കാതെ കൊടുക്കാം. അതുകൊണ്ടാണ് നാലു സീറ്റുമാത്രം ഉണ്ടായിരുന്നതിൽ 50 ശതമാനം കണക്കാക്കി സ്ത്രീകൾക്കുവേണ്ടി നീക്കിവെച്ചതു്.

മിസിസ്സ് കെ. എം. ആർ. മേനോൻ: അതുകൊണ്ട് 4 കുട്ടികളുള്ളതിൽ രണ്ടു സ്ത്രീകളെ മാത്രമല്ലേ അയച്ചിട്ടുള്ളൂ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നാലുപേരുള്ളതിൽ രണ്ടു സ്ത്രീകളെ അയച്ചുവെന്നു പറയണം.

മിസിസ്സ് കെ. എം. ആർ. മേനോൻ: എൻജിനീയറിംഗ് സബ്ജക്ടിനു് സ്ത്രീകൾക്കു പോകുവാൻ ഇഷ്ടമില്ലെങ്കിൽ അവരെ വേറെ സ്റ്റഡിക്കു് അയച്ചുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എൻജിനീയറിംഗും നേഴ്സിംഗും കൂടി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നേഴ്സിംഗിനു് കൂടുതലും സ്ത്രീകളാണു്. അങ്ങിനെ നോക്കുമ്പോൾ ഈ കാര്യത്തിൽ പ്രാതിനിദ്ധ്യം കുറവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മെഡിക്കൽ സർവ്വീസിൽ ലേഡി ഡോക്ടർമാർ വളരെ കുറവാണെന്നുള്ളതു് ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിയാം. അതുകൊണ്ടാണു് രണ്ടു സ്ത്രീകളെ എടുത്തതു്. ആകെ നാലു സീറ്റുണ്ടായിരുന്നതിൽ രണ്ടിൽക്കൂടുതൽ കൊടുക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല.

Mr. Paramel Ipe Ipe *(Kunnamkulam)*: On a point of order Sir. More than one-third of the question time has alredy been taken for one single question. Though there there is no specific provision under the rules & standing orders of the Council, I would invite the Hon'ble President's attention to invoke his inherent authority to restrict the time taken for supplementary on this question.

Mr. President: I leave it to the sense of the Hon'ble members for the time being.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ലേഡി ഡോക്ടർമാർ കൊച്ചിൻ മെഡിക്കൽ സർവ്വീസിൽ ആവശ്യമുള്ളേടത്തോളം ഇല്ലാത്തതുകൊണ്ടു്, അതു നികത്തുന്നതുവരെ റിസർവ്വ് ചെയ്തുവെച്ചിട്ടുള്ള സീറ്റുകൾ മുഴുവനും സ്ത്രീകൾക്കുമാത്രമായി നീക്കിവെക്കുവാൻ സമ്മതമുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഗവണ്മെണ്ടിന്റെ നിലയും അതുതന്നെയാണു്. കൊച്ചി ഗവണ്മെണ്ടിനു് കൂടുതൽ വനിതാഡോക്ടർമാർ വേണമെന്നു് ബോദ്ധ്യംവന്നിട്ടുണ്ടു്. അതുകൊണ്ടാണു് കൊടുക്കുവാൻ കഴിയുന്നിടത്തോളം സീറ്റുകൾ കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മെഡിക്കൽ കോളേജിലേക്കുള്ള തിരഞ്ഞെടുപ്പു് മേലാൽ വരുമ്പോൾ റിസർവ്വ് ചെയ്തിട്ടുള്ള സീറ്റുകൾ മുഴുവനും, ലേഡിഡോക്ടർമാരുടെ കുറവിനെ പരിഹരിക്കുന്നതുവരെ, അവക്കുവേണ്ടി കൊടുക്കുവാൻ ദയവുണ്ടാകുമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. ഈ കാര്യംകൂടി ആലോചിച്ചു് ഇനി ചെയ്യുകയുള്ളുവെന്നു പറയാമെന്നല്ലാതെ unequivocal ആയിട്ടു് ഒരു മറുപടി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

PERMITS TO OPERATORS OF PASSENGER BUSES—GRANTING OF

27. Mr. M. K. Raja *(Mulakunnathukavu)*: Will Government be pleased to state.—

(a) whether they have passed any orders recently for the guidance of the Traffic Board about the granting of new permits to operators of passenger buses;

(b) what is the purport and contents of this order?

LIBRARY ARCHIVES Kerala Legislative Assembly

Rao Bahadur T. K. Nayar *(Minister for Public Health)*:

(*a*) Yes, for the guidance of the Transport Authority.

(*b*) Please see Appendix I.

മിസ്റ്റർ. എം. കെ. രാജാ; സർ, ഈ അനുബന്ധത്തിൽ പറഞ്ഞിരിക്കുന്നതു" Government think that the request is only reasonable and that they should not be a party to encourage unhealthy competition among the bus owners എന്നാണു". ഈ ബസ്സുടമസ്ഥന്മാരുടെയിടയിൽ "അനാരോഗ്യകരമായ മത്സരം" (അതാണല്ലോ ഈ ഇംഗ്ലീഷുപദത്തിന്റെ തർജ്ജിമ) ഉണ്ടാവരുതെന്നാണല്ലൊ ഗവണ്മെണ്ടിന്റെ ഉദ്ദേശം. ഈ മത്സരം എങ്ങിനെയുള്ളതാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഒന്നു വിശദമാക്കാമോ ?

റാവുബഹദൂർ ടി. കെ. നായർ: പറയാം. ഒരു ലൈനിൽ മൊണോപ്പളിയല്ലാതെ, ന്യായമായി നടക്കുന്ന രണ്ടോ, മൂന്നോ സർവ്വീസ്സുടമസ്ഥന്മാർ വേണ്ടിടത്തോളം ബസ്സുകളിറക്കി.....

Mr. President: It is desirable that the answers from the Government side must be brief instead of lengthy statements.

റാവുബഹദൂർ ടി. കെ. നായർ: അനാരോഗ്യകരമായ മത്സരമെന്നുപറഞ്ഞാൽ അതിന്റെ അർത്ഥം വിശദമാക്കാൻ കുറച്ചു സമയംവേണം.

Mr. President: The Minister must understand that I am giving only a suggestion.

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കു" അവിടെ സർവ്വീസ്സു" ഭംഗിയായി നടക്കുന്നതിൽ ആരോഗ്യകരമായ മത്സരം അവിടെയുണ്ടെന്നു ടാൻസ്പോർട്ട്" അതോറിറ്റിക്കു" തോന്നുന്നുണ്ടെങ്കിൽ ആ ലൈനിൽ ജനങ്ങളുടെ സൌകര്യത്തിനു" കൂടുതൽ ഒന്നോ, രണ്ടോ ട്രിപ്പുകൾകൂടി വേണമെന്നു തോന്നിയാൽ ആ ലൈനിൽ ഓടുന്ന ആളുകളോടു" ചോദിച്ചു" അവർക്കു" പ്രിഫ്രൻസ്സു" കൊടുത്താൽകൊള്ളാമെന്നും പുതിയ സർവ്വീസ്സുകാർക്കു" കൊടുകാതിരിക്കണമെന്നും പലെ ബസ്സുടമസ്ഥന്മാരും ആവലാതിപ്പെട്ടിട്ടുണ്ടു". അതു" ജനങ്ങളുടെസൌകര്യത്തിനുവേണ്ടിയാണെങ്കിൽ അതു" വകവെച്ചുകൊടുക്കുന്നതുകൊണ്ടു" യാതൊരു തൊന്തരവുമില്ല. അതുകൂടാതെ പുതിയ സർവ്വീസ്സുകാരെ കൊണ്ടുവന്നു" അതിന്നിടയിൽ കുത്തിച്ചെലുത്തുന്നതായാൽ അതു" അനാരോഗ്യകരമായ മത്സരമാകും.

മിസ്റ്റർ എം. കെ. രാജ: അനാരോഗ്യകരമായ മത്സരം യാത്രക്കാരുടെ എണ്ണത്തെസംബന്ധിച്ചോ; ബസ്സു" ചാർജ്ജിനെസംബന്ധിച്ചോ എതാണെന്നാണു" ഞാൻ ചോദിക്കുന്നതു"?

റാവുബഹദൂർ ടി. കെ. നായർ: എണ്ണത്തെസംബന്ധിച്ചും ചാർജ്ജിനെസംബന്ധിച്ചുമാകാം.

മിസ്റ്റർ എം. കെ. രാജ: ചാർജ്ജു" ഗവണ്മെണ്ടു കൺട്രോൾചെയ്യുന്നില്ലേ ?

റാവുബഹദൂർ ടി. കെ നായർ: ചാർജ്ജു" കൺട്രോൾചെയ്യുന്നുണ്ടെങ്കിലും ഈ വിധത്തിൽ ഒരു കോമ്പിറ്റേഷൻവന്നാൽ ബസ്സുകാരും തമ്മിൽ കുട്ടിമുട്ടാനുംകൂടിയിടയായിത്തീരും.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അപ്പോഴും അതൊരു മൊണോപ്പളി സിസ്റ്റമാവുകയില്ലേ ?

റാവുബഹദൂർ ടി. കെ. നായർ: ഒരു ലൈനിൽ മൂന്നോ, നാലൊ സർവ്വീസ്സു" നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഇടയിൽ വേറെ ഒരു സർവ്വീസ്സുകാരനേയുംകൂടികൊണ്ടുവന്നു കുത്തിച്ചെലുത്തുന്നതായാൽ അതു" വളരെ വിഷമമാണു".

മിസ്റ്റർ കെ. എസ്സു". പണിക്കർ: മൂന്നോ, നാലൊ ആളുകൾ നടത്തുന്നതായ സർവ്വീസ്സുകൾ എന്നുപറഞ്ഞതു" യൂണിയനായിട്ടോ, വെവ്വേറെയായിട്ടോ ആ സർവ്വീസു നടത്തുന്നതു" ?

റാവുബഹദൂർ ടി. കെ. നായർ: അവരുടെയൊക്കെ പേരു" റജിസ്റ്റു"ചെയ്തിട്ടുള്ളതാണു".

മിസ്റ്റർ കെ. എസ്സു". പണിക്കർ: അവർ യൂണിയനായിട്ടാണോ നടത്തുന്നതെന്നുള്ളതിനെപ്പറ്റി ആലോചിച്ചിട്ടോ മനസ്സിലാക്കിട്ടോ ഉണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: അതിനെപ്പറ്റി അന്വേഷിക്കുവാനുള്ള അധികാരങ്ങളൊക്കെ ടാൻസ്പോർട്ട" അതോറിട്ടിയ്ക്കുണ്ടു".

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ: യൂണിയനായി സഹ്വീസ്സു നടത്തിവരുന്ന ലയിനിൽ ബസ്സു പുറപ്പെടേണ്ട ചില സമയങ്ങളിൽ ബസ്സു കേടുവന്നിട്ട് ഓടുന്നില്ലെന്നുപറഞ്ഞിട്ട്, ആ ലൈനിൽ അവരുടെവക വേറെ ബസ്സുകൊണ്ടുവന്നു, കണക്കിലിരട്ടി ചാർജ്ജുവാങ്ങി യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുന്നതായിട്ട് അറിയാമോ ?

റാവുബഹദൂർ ടി. കെ. നായർ: എനിക്കു അറിഞ്ഞുകൂടാ.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ബസ്സുടമസ്ഥന്മാർ തമ്മിൽ അനാരോഗ്യകരമായ മത്സരം ഉണ്ടാകാനിടയുള്ളപ്പോൾ അതിനെ തടയുവാൻ നടപടിയെടുക്കുന്ന ഗവണ്മെണ്ടു് യാത്രക്കാർ തമ്മിൽ അനാരോഗ്യകരമായ മത്സരം ഉണ്ടാകാതിരിപ്പാൻ വല്ല നടപടിയും നടത്തുവാൻ വിചാരിക്കുന്നുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ യാത്രക്കാരുടെ മത്സരമുണ്ടോയെന്നറിഞ്ഞുകൂടാ.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അതുകൊണ്ടല്ലെ ഈ പ്രശ്നം ബഹുമാനപ്പെട്ട സഭയിൽ ഉന്നയിച്ചതു് ?

റാവുബഹദൂർ ടി. കെ. നായർ: യാത്രക്കാക്കു് സൌകര്യത്തിനുപോകുവാൻ ബസ്സില്ലാത്തതുകൊണ്ടാണെന്നാണു് ഞാൻ ധരിച്ചിരിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ട്രാൻസ്പോർട്ട് അതോറിട്ടിക്കുള്ള അധികാരങ്ങൾ എന്തൊക്കെയാണു് ?

റാവുബഹദൂർ ടി. കെ. നായർ: ട്രാൻസ്പോർട്ട് അതോറിട്ടിക്കുള്ള അധികാരങ്ങൾ മുഴുവനും പറയണമെങ്കിൽ അരമണിക്കൂർ വേണ്ടിവരും.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: Appendix I-ൽ പറഞ്ഞിട്ടുള്ള ഒരു ഓർഡർ അയച്ചിട്ടുണ്ടല്ലൊ. മിനിസ്റ്റർ അയക്കുന്ന ഓർഡർ അനുസരിച്ചു് പ്രവൃത്തിക്കുവാനുള്ള അധികാരമാണോ അവക്കുള്ളതു് ?

Rao Bahadur T. K. Nayar *(Minister for Public Health)*: I shall read that rule. "The Transport authority shall in all matters be subject to the orders of Government and shall give effect to all orders passed by Government whether on appeal or otherwise. From every original decision of the transport authority an appeal shall lie to the Government within 30 days of the date of the decision".

മിസ്റ്റർ പി. കെ. ഡീവർ: ഗവണ്മെണ്ടിന്റെ ഈ നിർദ്ദേശംകൊണ്ടു് ട്രാൻസ്പോർട്ട് അതോറിട്ടിക്കു് ഒരു പുതിയ ലൈൻ കൊടുക്കാൻ പാടില്ലെന്നു വരുന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ എം.കെ. രാജു: ഈ അനുബന്ധത്തിൽ പറയുന്ന കല്പന പിന്നീടു പിൻവലിക്കേണ്ടതായി വന്നിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: പിൻവലിക്കേണ്ട ആവശ്യം വന്നിട്ടില്ല. ട്രാൻസ്പോർട്ട് അതോറിട്ടി ഇതിനെപ്പറ്റി ആലോചിക്കുന്ന അവസരത്തിൽ ഇങ്ങിനെ അനാരോഗ്യകരമായ മത്സരത്തിനു് ഇടവരുത്തരുതെന്നു വിചാരിച്ചാണു് ഈ ഓർഡർ കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ട്രാൻസ്പോർട്ട് അതോറിട്ടിക്കു് കൊടുത്തിട്ടുള്ള ഓർഡറിൽ should എന്നുള്ളതുമാറ്റണ്ടേ. അതു് may എന്നാക്കുവാൻ വിരോധമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഈ ഓർഡർ ഞാൻ എഴുതിയതുകൊണ്ടു് ഈ വാക്കുപയോഗിച്ചു എന്നേയുള്ളു. വേറെ ഒരാളാണു് ഇതെഴുതിയതെങ്കിൽ വാക്കുകൾക്കു് വ്യത്യാസമുണ്ടാകും. ആ വാക്കു് ഉപയോഗിച്ചതിൽ വലിയ തെറ്റില്ലെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിൽ As a rule existing service owners in the line should be preferred and deviations if any, should be warranted by very strong grounds എന്നു പറഞ്ഞിട്ടുള്ളതിന്റെ ഫലം ഒരു മൊണോപ്പളി സിസ്റ്റം അംഗീകരിക്കുകയല്ലേ ചെയ്യുന്നതു്..

റാവു ബഹദൂർ ടി. കെ. നായർ: അല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതു് ഒരു നിർബ്ബന്ധമായ കല്പനപോലെ ടാൻസ്പോർട്ട് അതോറിട്ടി അനുസരിക്കണമെന്നുണ്ടെങ്കിൽ പിന്നെ അനുദ്യോഗസ്ഥമെമ്പർമാരെ അതിൽ ഉൾപ്പെടുത്തീട്ടു് എന്താണുകാര്യം?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ നിർബ്ബന്ധമില്ല. എന്റെ അറിവിൽ പെട്ടിടത്തോളം ഈ കാര്യത്തിൽ മന്ത്രിയെ കണ്ടു സംസാരിക്കണമെന്നു അവർ തീരുമാനിച്ചിരുന്നു. അങ്ങിനെ കണ്ടപ്പോൾ ഇതിനെപ്പറ്റി സംസാരിച്ചാണു് പിരിഞ്ഞതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ടാൻസ്പോർട്ട് അതോറിട്ടിക്കു് അതു വേണമെങ്കിൽ ഇഷ്ടം പോലെ നടത്തുവാൻ അധികാരമുണ്ടെന്നു് ഈ ഓർഡറിൽ പറയുന്നില്ലല്ലൊ?

റാവു ബഹദൂർ ടി. കെ. നായർ: അധികാരം വിട്ടുതന്നിട്ടുണ്ടല്ലൊ. ഞാൻ നിങ്ങളുടെ അധികാരത്തിൽ കൈകടത്തണമെന്നുദ്ദേശിക്കുന്നില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: എന്നാൽ പിന്നെ അവിടെ ആ വാക്കു് ഉപയോഗിക്കേണ്ടായ അവശ്യമില്ലല്ലൊ?

റാവു ബഹദൂർ ടി. കെ. നായർ: ഞാൻ ഈ നിയമസഭയിൽ പ്രസ്താവിക്കുന്നതു്, കൊച്ചിഗവണ്മെന്റു് അവരുടെ അധികാരത്തിൽനിന്നു് ഒരു ഇഞ്ചുപോലും കുറച്ചിട്ടില്ലെന്നാണു്.

Mr. Paramel Ipe Ipe *(Kunnamkulam):* Before these orders were passed I find that representations have been received from bus owners. May I know whether any representations have been heard by Government from people who are not owning buses, but at the same time intending to start new bus services?

റാവു ബഹദൂർ ടി. കെ. നായർ: ഞാൻ കേട്ടിട്ടില്ല.

Mr. Paramel Ipe Ipe *(Kunnamkulam):* So is it not unfair to pass orders on the representations from one side only.

റാവു ബഹദൂർ ടി. കെ. നായർ: ഈ കാര്യത്തിൽ ഇപ്പോഴുള്ള ബസ്സുടമസ്ഥന്മാരല്ലാത്തവർക്കു് ലൈനിൽ സർവ്വീസ്സോടുവാനുള്ള ഏർപ്പാടു ചെയ്യുകയല്ല വേണ്ടതു; യാത്രക്കാരുടെ സൌകര്യത്തിനുവേണ്ടി കൂടുതൽ ട്രിപ്പു് കൊടുക്കേണ്ടതാണു് കാര്യം. അങ്ങിനെ കൂടുതൽ ട്രിപ്പു് വേണമെന്നു നിശ്ചയിക്കുമ്പോൾ പഴയ ആളുകൾക്കു പ്രിഫ്രൻസ്സു് കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

Mr. Paramel Ipe Ipe *(Kunnamkulam):* Why I say that you should invite the representations from other people also is because there are very many new applicants to start new bus services.

Rao Bahadur T. K. Nayar *(Minister for Public Health):* That is the very reason why this direction was given.

Mr. Paramel Ipe Ipe *(Kunnamkulam):* But why not the representation be heard from the other side also?

റാവു ബഹദൂർ ടി. കെ. നായർ: ടാൻസ്പോർട്ട് അതോറിട്ടിക്കു് അവരുടെ വാദം കേട്ടിട്ടു് പുതിയ ആളുകൾക്കു് കൊടുക്കണമെന്നുണ്ടെങ്കിൽ അതിനും അധികാരമുണ്ടു്.

Mr. M. K. Raja *(Mulakunnathukavu):* Are we to take it, Sir, that the effect of this order is not stricty of a mandatory nature?

Rao Bahabur T. K. Nayar *(Minister for Public Health):* In fact that was my idea. I explained this last time and I explained my position to the members of the Transport authority and I am sure that they are acting according to it.

COCOANUTS IN THE GOVERNMENT CENTRAL FARM—SALE OF

28. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെന്റു് സഭയെ മറുപടി പറയുമോ.—

ഗവണ്മെന്റു് സെൻട്രൽ ഫാമത്തിൽ ഉണ്ടാകുന്ന നാളികേരത്തിന്റെ വില്പന ടെണ്ടർ പ്രകാരമോ ലേലം വിളിച്ചോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഗവണ്മെന്റു് സെൻട്രൽ ഫാമത്തിലെ നാളികേരം ടെണ്ടർപ്രകാരമാകുന്ന വില്പന നടത്തുന്നതു്. ൧൯൫൮ മകരമാസം മുതൽക്കാണു് ടെണ്ടർ പ്രകാരം വില്പന നടത്താൻ തുടങ്ങിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]
ങ്ങളിൽ രാജ്യത്തിനുണ്ടാകുന്ന വിപത്തിനെ നേരിടാൻ ഗവണ്മെണ്ടു എടുക്കുന്ന നടപടിക ളോടു പ്രതിഭാഗവും സഹകരിക്കുമെന്നു ഞാനുദ്ദേശിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആലോ ചനാപൂർവ്വം വിവേചനാപൂർവ്വം, പ്രവൃത്തിക്കാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. മന്ത്രിമാ രോടു നിങ്ങൾ ദയകാണിക്കണമെന്നല്ല, മന്ത്രിസ്ഥാനത്തോടും ഉത്തരവാദത്വത്തിനോടും നിങ്ങൾ ദയകാണിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു.

Mr. President: No other member wishes to speak from the Government side?

Rao Bahadur T. K. Nayar (*Minister for Public Health*:) No, Sir, there is only one speech from the Government side.

Mr. P. Kumaran Ezhuthassan (*Vadakkancheri*): So the remaining time may be given to us.

Mr. President: The House stands adjourned.

The House rose for the day at 4-56 p.m.

P. NARAYANASWAMI
Secretary

APPENDIX I

(Please see answer to Question No. 27)

Copy of the order

Representations have been received from several bus owners that when additional number of buses are permitted to be run on existing lines the bus owners already having service in the line should be given preference and that outsiders should be allowed to come in the line only in case the existing bus owners are not prepared to run the additional buses required. Government think that the request is only reasonable and that they should not be a party to encourage unhealthy competition among these bus owners. The Transport Authority should bear this in mind when requests for permission to run additional buses in the existing lines are considered. As a rule existing service owners in the line should be preferred and deviations, if any, should be warranted by very strong grounds.

APPENDIX II

(Please see answer to Question No. 36)

പള്ളുരുത്തി കസ്റ്റംസ്പ്രിവന്റീവ് സബ്ബ് ഇൻസ്പെക്ടർ അവർകൾ മുമ്പാകെ കൊച്ചി കണ യന്നൂർ താലൂക്ക് മരട് ദേശത്തു് മാങ്കായിൽ ഹൈസ്കൂളിലെ ആറാം ഫാറത്തിൽ പഠിക്കുന്ന പി. ബി. മുഹമ്മദ് എന്ന വിദ്യാർത്ഥി ബോധിപ്പിക്കുന്നതു്.

ഞാൻ 1122 ചിങ്ങമാസം 2-ാംനു വെള്ളിയാഴ്ച കാലത്തു് പതിനൊന്നര മണിക്കു് പള്ളുരുത്തി ടെക്സ്റ്റയിൽസ് ഹീൽഡ് ആഫീസരുടെ ആഫിസിൽ മേത്തരം തുണിക്ക വേണ്ടി പെർമിറ്റിനായി നിന്നിരുന്ന സമയം വെളിയിൽ തൊപ്പിയില്ലാതെ നിന്നിരുന്ന ജോസഫ് എന്ന പേരുള്ള ഒരു പോലീസുദ്യോഗസ്ഥൻ എന്നോടു പുറത്തേക്കു പോകുവാൻ പറകയും ബലമായി തള്ളിമാറ്റുകയും ചെയ്തു. എന്നെ തള്ളിമാറ്റേണ്ട ആവശ്യം എന്താ ണെന്നു ഞാൻ പറഞ്ഞു. ഉടനെ എന്റെ ചെകിടത്തു ഊക്കോടുകൂടി ടി പോലീസുദ്യോഗ സ്ഥൻ അടിക്കുകയാണുണ്ടായതു്. അദ്ദേഹം സങ്കോചം കൂടാതെ എന്റെ പേർ ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly